പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2284 **27-10-2026-ൽ മറുപടിയ്ക്ക്**

സൗജന്യ ഇന്റർനെറ്റ് സേവനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി. മമ്മിക്കുട്ടി

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ മുൻ സർക്കാർ ആരംഭിച്ച കെ-ഫോൺ പദ്ധതിയിൽ എത്ര ഗുണഭോക്താക്കൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

മറുപടി: സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിൽ ഇപ്പോൾ 14,198 ഗുണഭോക്താക്കൾ ഉണ്ട്.

(ബി) കെ-ഫോൺ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതി തുടരാൻ ആലോചനയുണ്ടോ എന്നറിയിക്കാമോ;

മറുപടി: 2023 ജൂണിൽ സംസ്ഥാനത്ത് ഇന്റർനെറ്റ് സേവനം ആരംഭിച്ച കെ-ഫോൺ പദ്ധതി 2026 സെപ്റ്റംബർ 29-ന് രണ്ട് ലക്ഷം കണക്ഷനുകൾ എന്ന നേട്ടം കൈവരിച്ചു. 2026 ഒക്ടോബർ 23 വരെയുള്ള കണക്കുപ്രകാരം സംസ്ഥാനത്ത് ആകെ 2,04,591 കെ-ഫോൺ കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതിൽ 35,349 കണക്ഷനുകൾ സർക്കാർ ഓഫീസുകൾ/സ്ഥാപനങ്ങൾക്കാണ് നൽകിയിട്ടുള്ളത്. ഒന്നര ലക്ഷത്തിലധികം ഗാർഹിക കണക്ഷനുകളും കെ-ഫോൺ വഴി നൽകിയിട്ടുണ്ട്. സംസ്ഥാനത്തുടനീളം 34,505 കിലോമീറ്ററിലധികം ഫൈബർ ശൃംഖല കെ-ഫോൺ സ്ഥാപിച്ചിട്ടുണ്ട്. 2026-27 സംസ്ഥാന ബജറ്റിൽ കെ-ഫോൺ പദ്ധതിക്കായി 88.87 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കെ-ഫോൺ പദ്ധതി നിലവിൽ പ്രവർത്തനക്ഷമമായി സേവനം നൽകിവരികയാണ്. കൂടുതൽ കണക്ഷനുകൾ നൽകുന്നതിനും നെറ്റ്‌വർക്ക് വ്യാപനം ശക്തിപ്പെടുത്തുന്നതിനും ഡിജിറ്റൽ കണക്റ്റിവിറ്റി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ തുടർന്നുവരുന്നു.

(സി) ഷൊർണ്ണൂർ മണ്ഡലത്തിൽ കെ-ഫോൺ കണക്ഷൻ നൽകിയ സർക്കാർ സ്ഥാപനങ്ങൾ, സ്കൂളുകൾ, വീടുകൾ എത്രയെന്ന് ഇനം തിരിച്ച് പഞ്ചായത്ത് മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ?

മറുപടി: വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

LSGI	Govt Office/ institutions	School	Home connection
Ananganadi	18	9	76
Chalavara	41	15	204
Cherpulassery	43	14	258
Nellaya	26	16	280
Shoranur	43	9	375
Thrikkadeeri	15	7	231
Vaniyamkulam	22	7	147
Vellinezhi	19	10	42
Grand Total	227	87	1613